**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1589** **03-02-2026 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ റെയിൽവെ മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ് പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി റെയിൽവേ മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിലായി എത്ര കൈവശക്കാരാണുള്ളത്; അവരുടെ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; കടുത്തുരുത്തി റെയിൽവേ മേൽപ്പാലത്തിനായി അനുവദിച്ച ₹4,90,87,234/- രൂപയുടെ അവാർഡ് തുക ലഭിച്ചതിന് ശേഷം ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് വിശദമാക്കാമോ; | (എ) | കടുത്തുരുത്തി റെയിൽവേ മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതിയിൽ മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിലായി 21 കൈവശക്കാരാണുള്ളത്. അവാർഡ് എൻക്വയറി 16/10/2025-ന് നടത്തിയിട്ടുള്ളതാണ്. എല്ലാ രേഖകളും ലഭ്യമായ 8 കേസുകളുടെ ഡ്രാഫ്റ്റ് അവാർഡുകൾക്ക് കളക്ടറുടെ അംഗീകാരം ലഭിച്ചു. പ്രസ്തുത 8 എൽ.എ. കക്ഷികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അവാർഡ് തുക ക്രെഡിറ്റ് ചെയ്തിട്ടുള്ളതും സ്ഥലം ഏറ്റെടുത്ത് RBDCKയ്ക്ക് കൈമാറിയിട്ടുണ്ട്. ജില്ലാ കളക്ടർ അംഗീകരിച്ച 2 ഡ്രാഫ്റ്റ് അവാർഡുകളിൽ നഷ്ടപരിഹാര തുക നല്കുന്നതിനുള്ള ബില്ലുകൾ തയ്യാറാക്കിയിട്ടുണ്ട്. 6 എൽ.എ.സി-കളിൽ ഡ്രാഫ്റ്റ് അവാർഡുകൾ തയ്യാറാക്കിവരുന്നു. ബാക്കിയുള്ള 5 എൽ.എ.സി-കളിൽ 2 കക്ഷികൾ വിചാരണയ്ക്ക് ഹാജരായിട്ടില്ലാത്തതും, 3 എൽ.എ.സി-കളിൽ കക്ഷികൾ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതുമാണ്. |
| (ബി) | കടുത്തുരുത്തി റെയിൽവേ മേൽപ്പാല പദ്ധതിയുമായി ബന്ധപ്പെട്ട പുനരധിവാസ—പുനഃസ്ഥാപന (ആർ&ആർ) പാക്കേജ് അംഗീകരിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ; | (ബി) | ലാൻഡ് റവന്യൂ കമ്മീഷണർ അംഗീകരിച്ച പുനരധിവാസ പുനഃസ്ഥാപന പാക്കേജ് നഷ്ടപരിഹാര തുക അവാർഡ് കക്ഷിയുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളതാണ്. |
| (സി) | കോതനല്ലൂർ റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര ലാൻഡ് അക്വിസിഷൻ കേസുകളിലാണ് അവാർഡ് പാസാക്കിയിട്ടുള്ളത്; എത്ര കേസുകളിൽ ഭൂമി കെ. ആർ. ഡി. സി. എൽ-ന് കൈമാറിയിട്ടുണ്ട്; കോതനല്ലൂർ പദ്ധതിയിൽ ബാക്കിയുള്ള ലാൻഡ് അക്വിസിഷൻ കേസുകളിൽ അവാർഡ് തുക പാസാക്കുന്നതിന് ആവശ്യമായ ധനവകുപ്പ് ഡബ്ല്യൂ. | (സി) | 18 ലാൻഡ് അക്വിസിഷൻ കേസുകളിൽ അവാർഡ് പാസ്സാക്കി അവാർഡ് തുക ബന്ധപ്പെട്ട കക്ഷികൾക്ക് നല്കിയിട്ടുണ്ട്. മുഴുവൻ കേസുകളിലുമായി 0.5284 ഹെക്ടർ ഭൂമി കൈമാറ്റ നടപടികൾ പൂർത്തീകരിച്ച് KRDCL-ന് കൈമാറിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | എ. എം. എസ് ( വർക്ക്സ് അക്കൗണ്ടിംഗ് മാനേജ്മെന്റ് സിസ്റ്റം ) ക്ലിയറൻസ് ലഭ്യമായിട്ടുണ്ടോ ; | | |
| (ഡി) | കോതനല്ലൂർ റെയിൽവേ മേൽപ്പാല പദ്ധതിക്കായി അനുവദിച്ച കണ്ടിജൻസി ഫണ്ട് കെ. ആർ. ഡി. സി. എൽ. അക്കൗണ്ടിൽ നിന്ന് സ്പെഷ്യൽ തഹസിൽദാർ (എൽ.എ. ജനറൽ) കോട്ടയം അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (ഡി) | പദ്ധതിക്കായി അനുവദിച്ച കണ്ടിജൻസി ഫണ്ട് എൽ.എ. ജനറൽ കോട്ടയം കാര്യാലയത്തിലെ ഡി.ഡി.ഒ. കോഡിലേക്ക് മാറി നല്കുന്നതിനായി കോട്ടയം ജില്ലാ ട്രഷറി ഓഫീസർക്കും, KRDCL, കോട്ടയത്തിന്റെ അക്കൗണ്ട് നിലവിൽ കൈകാര്യം ചെയ്യുന്ന എൽ.എ. കിളിമാനൂർ ഓഫീസിലും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിരിക്കുകയാണ്. |
| (ഇ) | കുറുപ്പന്തറ റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായ ശേഷം നിലവിൽ അവശേഷിക്കുന്ന പോസ്റ്റ്-അവാർഡ് റവന്യൂ നടപടികൾ ഏതൊക്കെയാണെന്നും; അവ എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കാമോ; ഈ പദ്ധതിയിൽ ഉണ്ടായിരിക്കുന്ന തടസ്സങ്ങൾ എന്തൊക്കെയാണ്;വ്യക്തമാക്കാമോ? | (ഇ) | പദ്ധതിയ്ക്കാവശ്യമായ മുഴുവൻ ഭൂമിയും ഏറ്റെടുത്തതിനുശേഷം ഉടൻ തന്നെ പോസ്റ്റ് അവാർഡ് നടപടികളായ റവന്യൂ റിക്കാർഡുകളിലെ മാറ്റം, രജിസ്ട്രേഷൻ വകുപ്പിലെ റിക്കാർഡുകളിലെ മാറ്റം, സർവ്വെ റിക്കാർഡുകളിലെ മാറ്റം, വകുപ്പ് 13 പ്രകാരമുള്ള വിജ്ഞാപനം പൂർത്തിയാക്കേണ്ടതുണ്ട്. ബഹു. കോട്ടയം മുൻസിഫ് കോടതിയിൽ ശ്രീമതി. ജമീല കുഞ്ഞുകുട്ടൻ എന്നയാൾ നൽകിയ O.S 490/25 നിലനിൽക്കുന്നതിനാൽ ടിയാളുടെ പേരിലുള്ള സ്ഥലം ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. അഡീഷണൽ റിക്വിസിഷൻ പ്രകാരം ഏറ്റെടുക്കാനുള്ള സ്ഥലത്തുള്ള നിർമ്മിതികളുടെ വില നിർണ്ണയിച്ച് പൊതുമരാമത്ത് വകുപ്പിൽ നിന്ന് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ